**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1206** **02-02-2026 - ൽ മറുപടിയ്ക്ക്**

**കുണ്ടറയിൽ ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം നിർമ്മിക്കുന്നതിനായി കുണ്ടറ ടെക്നോപാർക്കിനോട് ചേർന്ന പത്തേക്കർ ഭൂമിയും കെട്ടിടത്തിനുള്ള തുകയും അനുവദിച്ചിട്ട് പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടാനുള്ള കാരണം വിശദമാക്കാമോ; | (എ) | കുണ്ടറയിൽ കുഫോസിന് കൈമാറി ലഭിച്ച ഭൂമിയുടെ പോക്ക് വരവ് നടപടികൾ പൂർത്തിയാക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കേന്ദ്രം, കുണ്ടറ മണ്ഡലത്തിലെ പേരയം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലത്ത് താൽക്കാലികമായി ആരംഭിക്കുന്നതിനായി ഫിഷറീസ് സർവകലാശാല അധികൃതർ കെട്ടിട പരിശോധന നടത്തിയതിനു ശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | താൽകാലികമായി കോഴ്സുകൾ തുടങ്ങുന്നതിന് വേണ്ടി വരുന്ന തുകയുടെ കണക്ക് തയ്യാറാക്കാൻ സർവ്വകലാശാല ഫിഷറീസ് ഫാക്കൽറ്റി ഡീനിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, യു.ജി.സി മാനദണ്ഡങ്ങൾ, ഫീസിബിലിറ്റി എന്നിവ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മേൽ വിവരങ്ങൾ ലഭിച്ചതിന് ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | നാളിതുവരെയായിട്ടും പ്രസ്തുത പ്രാദേശിക കേന്ദ്രം, പേരയത്ത് കണ്ടെത്തിയിട്ടുള്ള വാടക കെട്ടിടത്തിൽ താത്കാലികമായി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | താൽകാലികമായി കോഴ്സുകൾ തുടങ്ങുന്നതിന് വേണ്ടി വരുന്ന തുകയുടെ കണക്ക് തയ്യാറാക്കാൻ സർവ്വകലാശാല ഫിഷറീസ് ഫാക്കൽറ്റി ഡീനിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, യു.ജി.സി മാനദണ്ഡങ്ങൾ, ഫീസിബിലിറ്റി എന്നിവ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മേൽ വിവരങ്ങൾ ലഭിച്ചതിന് ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ